ആവശ്യമായ നടപടികൾ ആ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കും. അത് ഉൾപ്പെടെ സഹകരണസ്ഥാപനങ്ങളെ ഈ രംഗത്ത് പുഷ്ടിപ്പെടുത്താനും ശക്തിപ്പെടുത്താനുമുള്ള സമീപനം ഗവൺമെന്റിന് കൈക്കൊള്ളാൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കും, അതിനുള്ള നടപടികൾ സ്വീകരിക്കും, ചർച്ച ചെയ്യും. ഇതുമാത്രമെ ഈ കാര്യത്തിൽ എനിക്കു പറയാനുള്ളൂ.

ശ്രീ. ജി. സുധാകരൻ : സർ, അങ്ങ് ഗുരുതരമായ സ്ഥിതിഗതി ഉണ്ടെന്ന് അംഗീകരിച്ചതിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു. എന്നാൽ ആർ. എസ്. ഉണ്ണി തന്നിരുന്ന നിവേദനത്തെപ്പറ്റി അറിയില്ല, അങ്ങയോട് നേരിട്ട് സംസാരിച്ചു, എന്നു പറഞ്ഞു, അതിരിക്കട്ടെ, അത് അവിടെ ആരാണ് ഫയലിൽനിന്ന് മാറ്റിയത് എന്നുള്ളത് വേറെ പരിശോധിക്കാം, ഏതായാലും ഇത് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിൽ ഉള്ള കൺകറന്റ് ലിസ്റ്റുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ കേന്ദ്രഗവൺമെന്റ് ഏകപക്ഷീയമായി തീരുമാനം എടുത്തതുകൊണ്ട് നമ്മുടെ കോ-ഓപ്പറേറ്റീവ്സിനെ, മോട്ടോർ വ്യവസായ രംഗത്തുള്ള ഇരുപത്തിയഞ്ച് പ്രബലമായ കോ-ഓപ്പറേറ്റീവിസിനെ രക്ഷിക്കാൻ നമ്മുടെ ഭരണഘടനാപരമായ ബാദ്ധ്യതകൂടി കണക്കിലെടുത്ത് ഇവിടെ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം ശക്തമായ ഒരു പ്രശ്നമായി എടുത്ത് ഈ സംഘങ്ങളെ രക്ഷിക്കാൻ അടിയന്തിരമായിട്ടുള്ള ഒരു രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടിയ തീരുമാനം ഗവൺമെന്റ് കൈക്കൊള്ളുമോ? നിവേദനം അങ്ങേയ്ക്ക് പ്രത്യേകം നൽകാം.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ആർ.എസ്. ഉണ്ണി നൽകിയ നിവേദനത്തെക്കുറിച്ച് എനിക്ക് അറിയില്ല എന്നല്ല ഞാൻ പറഞ്ഞത്. അത് നൽകിയിരിക്കും. ആ സന്ദർഭത്തിൽ അദ്ദേഹം എന്നോട് സംസാരിച്ചിരുന്നു എന്നാണ് പറഞ്ഞത്. ഫയലിൽനിന്ന് ആരും എടുത്തുമാറ്റിയെന്നും ഞാൻ പറഞ്ഞിട്ടില്ല. സർക്കാരിന്റെ വിവിധ തലങ്ങളിൽ ആ നിവേദനം ഉണ്ടാകും. എനിക്കു നിവേദനം ലഭിച്ചിട്ടില്ല എന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ. ഈ പ്രശ്നം ഗൗരവമായിത്തന്നെ എടുത്ത് രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതാണ്.

IV സബ്മിഷൻ

1. ചാലക്കുടി മണ്ഡലത്തിലെ അക്രമപ്രവർത്തനങ്ങൾ

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സബ്മിഷൻ അവതരിപ്പിക്കാൻ സമയം തന്നതിന് നന്ദി. ഞങ്ങൾ, ചാലക്കുടിക്കാർ പൊതുവെ സമാധാനത്തോടുകൂടി ജീവിക്കുന്നവരായിരുന്നു. പക്ഷെ ഇപ്പോൾ ചാലക്കുടി കേരളത്തിലെ മറ്റ് പ്രദേശങ്ങളെപ്പോലെ സമാധാനത്തിന്റെ കാര്യത്തിൽ പിന്നോക്കം പോയിരിക്കുന്നു. വന്നുവന്ന് ചാലക്കുടിയിൽ നിയമപാലകർക്കു പോലും പട്ടാപ്പകൽ റോഡിൽക്കൂടി സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയാണ്. അതുവെറും പോലീസുകാരല്ല, ചാലക്കുടിയിലെ എസ്.ഐ., കൊടകരയിലെ എസ്.ഐ. വേറൊരു പോലീസ് കോൺസ്റ്റബിൾ, മൂന്നുപേർക്കും ചാലക്കുടിയിലെ ഹൃദയഭാഗത്തു വച്ച് പട്ടാപ്പകൽ കുത്തുകൊണ്ടു. വനംകൊള്ളക്കാരെ പിടിക്കാൻ പോയ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്കു നേരെ അക്രമം ഉണ്ടായി. സർവ്വീ

LIBRARY ARCHIVES Kerala Legislative Assembly

സിൽനിന്നു പിരിഞ്ഞ ഒരു എസ്.ഐ. പ്രഭാകരനെയും, മോഹനെയും സന്തോഷിനെയും മേൽച്ചിറയിൽവച്ച് മുൻ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ തല്ലി. നായരങ്ങാടി ജോഷി എന്നു പറഞ്ഞ ഒരാളെ അടിച്ചുകൊന്നു.

മി. സ്പീക്കർ : അതല്ല, ഈ സബ്മിഷന്റെ കാര്യം പറഞ്ഞാൽ മതി.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ചാലക്കുടി മണ്ഡലത്തിലെ പ്രദേശങ്ങളിൽ അക്രമപ്രവർത്തനങ്ങൾ നടന്നത് സംബന്ധിച്ച്, ഇത് അക്രമം അല്ലേ സർ, അടിച്ചുകൊന്നത്.

മി. സ്പീക്കർ : അതല്ല, അങ്ങ് ഉന്നയിക്കുന്നത്, പോലീസുകാർക്ക് പരിക്ക് പറ്റിയത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : അല്ല, അത് ഉൾപ്പെടെയുള്ള, സർ ഇവിടെ എൻലിസ്റ്റഡിൽ തന്നിരിക്കുന്നത് ചാലക്കുടി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ അക്രമപ്രവർത്തനങ്ങൾ നടക്കുന്നത് സംബന്ധിച്ച് ആണ്.

മി. സ്പീക്കർ : എൻലിസ്റ്റഡിൽ തന്നിരിക്കുന്നത് നോക്കണ്ട. അങ്ങ് തന്ന സബ്മിഷൻ പോലീസുകാരെ ആക്രമിച്ചു എന്നുള്ളതാണ്. ആ പോലീസുകാരുടെ കാര്യം പറഞ്ഞാൽ മതി. സബ്മിഷൻ അതേ പാടുള്ളൂ.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ക്ഷമിക്കണം സർ, ഞാൻ എഴുതിതന്നത് പോലീസുകാരെ ആക്രമിക്കുന്നത് ഉൾപ്പെടെ.....

മി. സ്പീക്കർ : ഉൾപ്പെടെ എന്ന് എഴുതിയാൽ അതൊന്നും അനുവദിക്കാൻ പറ്റുകയില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ദയവായി സാർ .....

മി. സ്പീക്കർ : അങ്ങ് ഞാൻ പറയുന്നത് ശ്രദ്ധിക്കുക. അങ്ങ് എഴുതിക്കൊടുത്തിരുന്നുവെങ്കിൽ മന്ത്രി അതിന് മറുപടി പറയുമായിരുന്നു. എഴുതിതരാത്ത ഒരു കാര്യം ഉന്നയിച്ചാൽ എങ്ങനെയാണ് മന്ത്രി മറുപടി പറയുക.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : ദയവായി അങ്ങ് ശ്രദ്ധിക്കണം, ഒന്ന് ക്ഷമിക്കണം സർ, എന്റെ നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ അക്രമ പ്രവർത്തനങ്ങൾ വർദ്ധിച്ചുവരികയാണ്. ചാലക്കുടി എസ്.ഐ., കൊടകര എസ്.ഐ. പോലീസ് കോൺസ്റ്റബിൾ എന്നിവർക്ക് മാരകമായി പരിക്ക് ഏൽക്കത്തക്കവിധത്തിൽ വർദ്ധിച്ചു വരുന്ന, പോലീസുകാരുൾപ്പെടെ പൊതുജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണി ഉയർത്തുന്ന വിധത്തിലുള്ള ക്രമസമാധാനത്തകർച്ചയെന്നാണ് .....

മി. സ്പീക്കർ : അങ്ങനെ അഡ്മിറ്റ് ചെയ്ത് പോയിട്ടുണ്ടെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദി ഞാൻ ആണ്. എനിക്കു പറ്റിയ പിശകാണ്. ഇനി ഞാൻ പരിശോധിച്ചുകൊള്ളാം. സബ്മിഷൻ എന്നു പറഞ്ഞാൽ ഏതും പറയാം, പക്ഷെ എഴുതിത്തരാതെ ഉന്നയിച്ചാൽ മറുപടി പറയാൻ കഴിയുകയില്ല. അനുവദിക്കാൻ പറ്റുകയില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : മൊത്തത്തിലുള്ള ക്രമസമാധാനത്തകർച്ചയാണ്,

മി. സ്പീക്കർ : മൊത്തത്തിലുള്ള ക്രമസമാധാനത്തിന്റെ സബ്മിഷൻ ഉന്നയിച്ചുകൂടാ.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ തന്നതിന്റെ കോപ്പിയാണ് വായിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇല്ല, ഇല്ല, ഇത് മനസ്സിലാക്കുക, മറുപടി പറയാൻ കഴിയുന്ന നിലയിൽ ഉന്നയിക്കുക. പാർലമെന്റിൽ എങ്ങനെയാണെന്ന് എനിക്കറിയില്ല. ഇത് പറയുക, പോലീസുകാരുടെ നേരെ ഉണ്ടായ കാര്യം പറയുക.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, പോലീസുകാരുടെ നേരെവരെ അക്രമം വരത്തക്കവിധത്തിൽ ചാലക്കുടിയിലെ വിവിധ പ്രദേശങ്ങളിൽ അടിപിടിയും തമ്മിൽത്തല്ലും, പിടിച്ചുപറിയും.****

മി. സ്പീക്കർ : അമ്മാതിരിയുള്ള പരാമർശങ്ങൾ സബ്മിഷനിൽ നടത്തിക്കൂടാ. ടീച്ചറേ പറയുന്നത് കേൾക്കൂ, സബ്മിഷൻ എന്നു പറഞ്ഞാൽ സ്പെസിഫിക് ഇഷ്യൂ മാത്രമെ ആകാവൂ, മറ്റൊന്നും പാടില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഖേദപൂർവ്വം ഞാൻ എന്റെ .....

മി. സ്പീക്കർ : പറയാനും പാടില്ല. രേഖയിൽ ഉണ്ടാകാനും പാടില്ല, പറഞ്ഞാൽ മറുപടി പറയേണ്ടിവരും, പറയാൻ പാടില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ അങ്ങയുടെ നിർദ്ദേശം മാനിച്ചുകൊണ്ട് മറ്റു കാര്യങ്ങളെക്കുറിച്ച് പറയുന്നില്ല. ഞാൻ എഴുതി തന്നപ്പോൾ എന്റെ ധാരണയിങ്ങനെയായിരുന്നു. മൊത്തത്തിലുള്ള അക്രമപ്രവർത്തനങ്ങളെക്കുറിച്ച് പറയാം എന്ന്, പക്ഷെ അങ്ങയുടെ റൂളിംഗ് മാനിച്ചുകൊണ്ട് ചാലക്കുടി എസ്.ഐ. യ്ക്കും, കോൺസ്റ്റബിളിനും എതിരായി നടന്ന അക്രമത്തെക്കുറിച്ച് മാത്രം പറയുന്നു. ഇവർ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ടി. കെ. രാമകൃഷ്ണന് എസ്കോർട്ട് പോകാൻ വേണ്ടി വണ്ടി അന്വേഷിച്ച് ചാലക്കുടി ടൗണിന്റെ ഹൃദയഭാഗത്ത് ടാക്സികൾ പാർക്ക് ചെയ്യുന്നിടത്ത് വന്നവരായിരുന്നു. കൊടകര എസ്.ഐ. അല്ല, ചാലക്കുടി എസ്.ഐ. യും ചാലക്കുടിയിലെ പോലീസ് കോൺസ്റ്റബിളും. അവരെയാണ് പട്ടാപ്പകൽ നടുറോഡിൽ വച്ച് അക്രമികൾ കുത്തുന്നത്. കുത്തുന്നത് കണ്ടുപിടിക്കാൻ ചെന്ന കൊടകര എസ്.ഐ. യ്ക്കാണ് മാരകമായി കുത്തുകൊണ്ടു പരിക്കേൽക്കുന്നത്. ഈ അക്രമികൾ പോലീസ് ഉദ്യോഗസ്ഥൻമാരെ കുത്തുന്നതിന് തൊട്ടുമുമ്പ് വേറൊരു കടയിൽ കയറി രണ്ടുപേരെ കുത്തിയിട്ടാണ് വരുന്നത് എന്ന് അറിയാൻ സാധിച്ചിട്ടുണ്ട്. അപ്പോൾ പട്ടാപ്പകൽപോലും ചാലക്കുടിയിൽ ഇത്തരത്തിലുള്ള അക്രമപ്രവർത്തനങ്ങൾ പോലീസുകാരുടെ നേർക്ക് നടക്കുമ്പോൾ, അതും കൊടകര എസ്.ഐ. എന്നുപറയുന്നത് ചില്ലറക്കാരനല്ല, നമ്മുടെ ഈ നിയമസഭയിലെ എന്റെ സഹോദരിയായ ഒരു എം.എൽ.എ. യുടെ ഒരു കാർ ഓവർ സ്പീഡിൽ പോയി എന്നു പറഞ്ഞ് ഡ്രൈവർക്കു നേരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ : അതൊക്കെ വേറെ വിഷയമാണ്, അതൊന്നും പറയാൻ പാടില്ല. അത് പ്രിവിലേജസ് കമ്മിറ്റിക്ക് ചെയർ വിട്ടിരിക്കുകയാണ്. ശ്രീമതി റോസമ്മ ചാക്കോയുടെ പ്രശ്നം പ്രിവിലേജ്സ് കമ്മിറ്റിക്കു വിട്ടിരിക്കുകയാണ്.

**** സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.
(File No. 430/EB/99/Log)

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : അത് പറഞ്ഞില്ല, അത്തരത്തിലുള്ള വീരശൂര പരാക്രമിയായ ഒരു എസ്.ഐ. യ്ക്കുപോലും രക്ഷയില്ല എന്നാണ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ : ടീച്ചർ കുഴപ്പത്തിലേയ്ക്കാണ് പോകുന്നത്, ഞാൻ പറയാം. സബ്മിഷൻ ഉന്നയിക്കേണ്ടത് എങ്ങനെയാണെന്ന് ഞാൻ പറയേണ്ട കാര്യമില്ല, അതിൽ പറയുന്ന രണ്ടു വാചകം ഇവിടെ ഉന്നയിക്കുക, മറുപടി പറയുക, അത്രയേയുള്ളൂ.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : സർ, തൃശ്ശൂർ വെള്ളിക്കുളങ്ങര ചന്ദനക്കുന്നിൽ ജോർജിനേയും അനിയൻ ആന്റണിയേയും വാക്ക് തർക്കത്തെത്തുടർന്ന് ബൈജു, ബാബു, ജസ്റ്റിൻ എന്നിവർ ചേർന്ന് 28.3.1999-ന് ഉച്ചതിരിഞ്ഞ് ദേഹോപദ്രവം ഏൽപിച്ചു. ഇതു സംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വധശ്രമം ഉൾപ്പെടെ വിവിധ വകുപ്പുകൾ ചേർത്ത് വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. അന്നേദിവസം വൈകുന്നേരം ചാലക്കുടി സുരഭി തിയേറ്ററിൽ ടിക്കറ്റ് വാങ്ങുന്നതുമായി ബന്ധപ്പെട്ടുണ്ടായ തർക്കത്തെ തുടർന്ന് മേൽപ്പറഞ്ഞ ബൈജു, ബാബു, ജസ്റ്റിൻ എന്നിവർ ചേർന്ന് റോബിൻ എന്ന ഒരാളിനെ കുത്തി പരിക്കേല്പിച്ചു. ഇതിന് ചാലക്കുടി പോലീസ് സ്റ്റേഷനിൽ ക്രൈം 142/99-ാം നമ്പരായി വധശ്രമം ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം മറ്റൊരു കേസും രജിസ്റ്റർ ചെയ്തു. പ്രതികളെ പിടികൂടുന്നതിനിടയിൽ രണ്ട് സബ് ഇൻസ്പെക്ടർമാർക്കും ഒരു പോലീസ് കോൺസ്റ്റബിളിനും പരിക്കേറ്റിട്ടുണ്ട്. ബൈജു, ബാബു എന്നീ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഒളിവിൽ പോയ മറ്റൊരു പ്രതിയെ അറസ്റ്റ് ചെയ്യാൻ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. ഒറ്റപ്പെട്ട ഇത്തരം ചില സംഭവങ്ങൾ ഒഴിച്ചാൽ ചാലക്കുടി കൊടകര പ്രദേശങ്ങളിലെ ക്രമസമാധാനനില ഭദ്രമാണ്.

2. മണ്ണാർക്കാട് താലൂക്കിലെ എടത്തനാട്ടുകര പ്രദേശത്തുണ്ടായ കൊലപാതകങ്ങൾ

ശ്രീ. ജോസ് ബേബി : സർ, മണ്ണാർക്കാട് താലൂക്കിലെ പോലീസ് സ്റ്റേഷനാണ് നാട്ടുകൽ പോലീസ് സ്റ്റേഷൻ. ആ നാട്ടുകൽ പോലീസ് സ്റ്റേഷന്റെ പരിധിക്കുള്ളിൽ കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനകം 5 കൊലപാതകങ്ങൾ-സംശയമരണങ്ങൾ ഉണ്ടായിട്ടുണ്ട്. പൊട്ടക്കിണറ്റിൽ മരിച്ചനിലയിൽ കണ്ടെത്തിയ കോൺഗ്രസ് നേതാവ് പരീത്, കുളത്തിൽ മരിച്ചുവീണനിലയിൽ കണ്ടെത്തിയ സുകു, നടുറോഡിൽവച്ച് അടിച്ച് കൊന്ന് പഞ്ചായത്ത് സ്റ്റേഡിയത്തിൽ തള്ളിയ എല്ലാനിക്കാട് അബ്ദുൽസലാം, മാർച്ച് 7-ന് എൻ.എസ്.എസ്. എസ്റ്റേറ്റ് റോഡിൽ അടിച്ചുകൊന്ന താഴെ ചുണ്ട് ചെറിയപ്പൻ തുടങ്ങിയ അഞ്ചോളം സംശയ മരണങ്ങൾ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതൊന്നും മറ്റ് ഇടപെടലുകളോ രാഷ്ട്രീയമായി ബന്ധപ്പെട്ട സംഭവങ്ങളോ അല്ല. എന്നാൽ, അവിടെ നടക്കുന്ന പല മരണങ്ങൾക്കും സംഭവങ്ങൾക്കും വേണ്ടസമയത്ത് നടപടിയെടുക്കാനോ കുറ്റക്കാരെ ശിക്ഷിക്കാനോ ശരിയായി റിയാക്ട് ചെയ്യാനോ ആ പോലീസ് സ്റ്റേഷനതിർത്തിയിലുള്ള പോലീസുകാർ ശ്രമിക്കുന്നില്ലായെന്നത് വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണ് ഇതിന്

LIBRARY ARCHIVES Kerala Legislative Assembly